ഹയർസെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം

നം.ഇ.എക്സ്.III/5/11027/എച്ച്.എസ്.ഇ/2017 തീയതി: 21/04/2017

# സർക്കുലർ

വിഷയം : ഹയർസെക്കന്ററി വിദ്യാഭ്യാസം - 2017 മാർച്ച് പരീക്ഷ - അധിക തുക ആവശ്യപ്പെട്ട് ബില്ലുകൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

ഹയർസെക്കന്ററി പരീക്ഷാ നടത്തിപ്പിന് സ്ക്കൂളുകൾക്ക് അനുവദിക്കുന്ന മുൻകൂർ തുക തീർപ്പാക്കുന്നതിന് പരീക്ഷാ ചെലവുകളുടെ ബില്ലുകളും വൗച്ചറുകളും അതത് പ്രിൻസിപ്പാൾമാർ ഈ ഓഫീസിൽ സമർപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. 2015 മാർച്ച് പരീക്ഷ മുതൽ പരീക്ഷാ ചെലവുകൾക്കായി അനുവദിക്കുന്ന മുൻകൂർ തുക തീർപ്പാക്കേണ്ടത് അതത് പ്രിൻസിപ്പാൾമാരാണ്. ആയതിന്റെ ബില്ലുകളും വൗച്ചറുകളും ഈ ഓഫീസിൽ സമർപ്പിക്കേണ്ടതില്ല. എന്നാൽ അധിക തുക ആവശ്യമായ സ്കൂളുകൾക്ക് ആവശ്യമായ തുകയുടെ **അക്കൗണ്ട്സ് സമ്മറി** മാത്രം പ്രിൻസിപ്പാൾ അംഗീകരിച്ച് ആമുഖ കത്തോടെ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. മുൻകൂർ ക്രമപ്പെടുന്നതിന് ബില്ലുകളും വൗച്ചറുകളും ട്രഷറിയിൽ സമർപ്പിക്കേണ്ടതിനാൽ അധിക തുക ലഭിക്കുന്നതുവരെ ആയവ പ്രിൻസിപ്പാൾമാർ തന്നെ സൂക്ഷിക്കേണ്ടതാണ്. മേൽ നിർദ്ദേശത്തിനുവിരുദ്ധമായി സമർപ്പിക്കുന്ന ബില്ലുകളും വൗച്ചറുകളും ഏതെങ്കിലും കാരണവശാൽ നഷ്ടപ്പെടുന്നപക്ഷം പ്രസ്തുത പ്രിൻസിപ്പാൾമാർ മാത്രം ഉത്തരവാദിയായിരിക്കും എന്ന് അറിയിക്കുന്നു.

**ജോയിന്റ് ഡയറക്ടർ**

To

എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരുടേയും അറിവിലേയ്ക്കായി.